'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട്-ടൈം തസ്തികയിലേക്കുള്ള താത്കാലിക നിയമനം ലഭിക്കുന്നവർക്കുള്ള ആർജിതാവധി, ആകസ്മിക അവധി എന്നിവ അനുവദിച്ച് ഉത്തരവാകുന്നു

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(കൈ) നം.24/2021/ഉ.ഭ.പ.വ  തീയതി, തിരുവനന്തപുരം, 02/10/2021

പരാമർശം:— സ.ഉ. (പി) നം. 06/2011/ഉ.ഭ.പ.വ. തീയതി: 17.02.2011.

**ഉത്തരവ്**

പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടത്തിന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്ക് 22 ദിവസത്തിന് 1 എന്ന കണക്കിൽ ആർജിതാവധി അനുവദിച്ച് പരാമർശ പ്രകാരം ഉത്തരവായിരുന്നു. കേരളാ സർവീസ് റൂൾസ് ഭാഗം I അനുബന്ധം VIII ചട്ടം 8(i) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 180 ദിവസത്തെ താത്കാലിക നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ഒരേ സമയം 4 ദിവസത്തിലധികം ആകസ്മികാവധി അനുവദിക്കരുത് എന്ന വ്യവസ്ഥയിൽ മാസത്തിൽ ഒന്ന് എന്ന കണക്കിൽ പരമാവധി 6 ദിവസം വരെ ആകസ്മികാവധിക്ക് അർഹതയുണ്ട്. അനുബന്ധം VIII പ്രകാരം ഇത്തരത്തിൽ ഒരു നിശ്ചിത കാലയളവിലേക്ക് നിയമനം ലഭിക്കുന്ന K S R ബാധകമായിട്ടുള്ള ജീവനക്കാർക്ക് $^1/_{11}$ എന്ന നിരക്കിൽ പരമാവധി 15 എന്ന കണക്കിൽ ആർജിതാവധിക്കും അർഹതയുണ്ട്. എന്നാൽ ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി നിയമനം ലഭിക്കുന്ന പാർട്ട്-ടൈം ജീവനക്കാർക്ക് അനുവദിക്കാവുന്ന അവധികൾ സംബന്ധിച്ച് നിലവിൽ ഉത്തരവുകളൊന്നും തന്നെയില്ലായെന്നും ആകയാൽ ഈ വിഷയത്തിൽ വ്യക്തമായ ഉത്തരവ് ആവശ്യമാണെന്നുമുള്ള വിവരം വിവിധ വകുപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 180 ദിവസത്തെ താത്കാലിക നിയമനം ലഭിക്കുന്ന പാർട്ട്-ടൈം ജീവനക്കാർക്ക് 22 ദിവസത്തിന് 1 എന്ന കണക്കിൽ, പരമാവധി 7 ആർജിതാവധിയും ഒരു മാസത്തേക്ക് ഒന്ന് എന്ന കണക്കിൽ, അവധി ദിവസങ്ങൾ ഉൾപ്പെടെ 4 ദിവസത്തിൽ കൂടുതൽ ഹാജരില്ലായ്മ പാടില്ലായെന്ന വ്യവസ്ഥയിൽ പരമാവധി 6 ആകസ്മിക അവധിയും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വി.പി. ജോയ്,**
**ചീഫ് സെക്രട്ടറി.**

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
ധനകാര്യ വകുപ്പ് (ഫയൽ നം. 164384/Exp C2/79/2020/Fin)

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ